Break the chain

# കേരളസർവകലാശാല

നം.പി.ആർ.131/2022

## പത്രക്കുറിപ്പ്

### എം.ബി.എ. (ജനറൽ), എം.ബി.എ. (ടൂറിസം) – ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരളയിൽ (ഐ.എം.കെ.), സി.എസ്.എസ്. സ്കീമിൽ എം.ബി.എ. (ജനറൽ), എം.ബി.എ. (ടൂറിസം) കോഴ്സുകളിലേക്ക് 2022 – 23 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനായി അപേക്ഷ സ്വീകരിക്കുന്ന തീയതി ജൂൺ 20 വരെ നീട്ടിയിരുന്നു. അന്നേ ദിവസം വരെ അപേക്ഷ സമർപ്പിച്ച യോഗ്യരായ എല്ലാ പ്രവേശനാർത്ഥികളും ജൂൺ 27, 28 എന്നീ തീയതികളിലായി പുനഃക്രമീകരിച്ചിരിക്കുന്ന ഗ്രൂപ്പ് ഡിസ്കഷൻ, പേഴ്സണൽ ഇന്റർവ്യൂ എന്നിവയ്ക്ക് ഹാജരാകേണ്ടതാണ്. പുതുക്കിയ വിജ്ഞാപനത്തിന് സർവകലാശാലയുടെ അഡ്മിഷൻ പോർട്ടൽ (www.admission.keralauniversity.ac.in) സന്ദർശിക്കുക.

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്സി. സ്പെഷ്യൽ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 4 വരെ ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2022 ജൂലൈ 4 ന് ആരംഭിക്കുന്ന ബി.പി.എഡ്. (ദ്വിവത്സര കോഴ്സ് – 2020 സ്കീം), രണ്ടാം സെമസ്റ്റർ (റെഗുലർ & സപ്ലിമെന്ററി), നാലാം സെമസ്റ്റർ (റെഗുലർ) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### കേരളസർവകലാശാല യൂണിയൻ (2021 – 2022) ഭാരവാഹികളുടേയും സെനറ്റ്/സ്റ്റുഡന്റ്സ് കൗൺസിലിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും തെരഞ്ഞെടുപ്പ് ജൂൺ 27 ന്

കേരളസർവകലാശാല 2022 ജൂൺ 24 ന് നടത്താൻ നിശ്ചയിച്ചിരുന്ന കേരളസർവകലാശാല യൂണിയൻ (2021 – 2022) ഭാരവാഹികളുടേയും സെനറ്റ്/സ്റ്റുഡന്റ്സ് കൗൺസിലിലേക്കുമുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും തെരഞ്ഞെടുപ്പ് ജൂൺ 27 ലേക്ക് മാറ്റിവച്ചിരിക്കുന്നു.

### പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2018 സ്കീം (2018 അഡ്മിഷൻ) ആറാം സെമസ്റ്റർ (ഇംപ്രൂവ്മെന്റ്), ജൂൺ 2022 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2018 സ്കീം എട്ടാം സെമസ്റ്റർ (റെഗുലർ), ജൂൺ 2022 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2022 ആഗസ്റ്റ് 5 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ./ബി.കോം./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷക്ക് പിഴകൂടാതെ ജൂൺ 28 വരെയും 150 രൂപ പിഴയോടെ ജൂലൈ 1 വരെയും 400 രൂപ പിഴയോടെ ജൂലൈ 4 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എം.പി.ഇ.എസ്. ബി.പിഎഡ്. കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുളള തിരുവനന്തപുരം കാര്യവട്ടത്തുളള ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (എൽ.എൻ.സി.പി.ഇ.) നടത്തുന്ന എം.പി.ഇ.എസ്., ബി.പിഎഡ്. (നാല് വർഷം) ഇന്നോവേറ്റീവ് കോഴ്സുകളിലേക്കുളള 2022 – 23 അദ്ധ്യയന വർഷത്തേക്കുളള അഡ്മിഷനായി ജൂലൈ 1 മുതൽ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

## സമ്പർക്ക ക്ലാസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം മൂന്നാം സെമസ്റ്റർ പി.ജി. (എം.എസ്സി. ഒഴികെ) പ്രോഗ്രാമുകളുടെ സമ്പർക്ക ക്ലാസുകൾ ഓൺലൈനായി ജൂൺ 25 ന് ആരംഭിക്കും. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

തിരുവനന്തപുരം,
23.06.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**